# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

## സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

## വാർഡ് 1

## കക്കാട്

## കായണ്ണ പഞ്ചായത്ത്

## കോഴിക്കോട് ജില്ല

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തുകയും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്തായ പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് **100** ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു എന്നുള്ളതാണ് ഈ പദ്ധതിയുടെ പ്രത്യേകത. ഈ പദ്ധതി കൊണ്ട് രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സഹായിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്ന നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുവാനും, നിർണയിക്കപ്പെട്ട ഇരിക്കുന്ന വേദനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നതിന് ഉറപ്പുവരുത്തുന്നതിനും തൊഴിലുറപ്പ് നിയമം **2005** ആഗസ്റ്റ് **23** ആം തീയതി ആണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്. വയനാട് പാലക്കാട് ജില്ലകളിലാണ് ആദ്യമായി തൊഴിലുറപ്പ് പദ്ധതി തുടക്കമിട്ടത്. ശേഷം മറ്റു ജില്ലകളിലേക്ക് വ്യാപിക്കുകയായിരുന്നു.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കണം എന്നുള്ളത് ഈ നിയമത്തിന്റെ സവിശേഷതയാണ്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് **15** ദിവസത്തിനുള്ളിൽ എങ്കിലും തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. ഇതുപോലെതന്നെ എടുത്ത തൊഴിലിനെ വേതനം **14** ദിവസത്തിലതികം വൈകിയാൽ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. ഇത് തൊഴിലുറപ്പുപദ്ധതി മറ്റൊരു സവിശേഷതയാണ്.

**2007** മെയ് **15**ന് **130** ജില്ലകളിലേക്ക് കൂടി വ്യാപിച്ചു. ഇടുക്കി, കാസർകോട് ഇതിൽ ഉൾപ്പെടുന്നവയാണ്. **2008** ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിച്ചു. ഇന്ത്യയിലെ എല്ലാ ഗ്രാമീണ പ്രദേശങ്ങളിലും ഈ പദ്ധതി നിലവിലുണ്ട്. കൂടാതെ നഗരപ്രദേശങ്ങളിൽ ഈ പദ്ധതി അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്ന പേരിലും അറിയപ്പെടുന്നു നു. ഇത് കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നഗര ദാരിദ്ര ലഘൂകരണ ത്തിന് നടപ്പിൽ വരുത്തുന്ന പദ്ധതിയാണ്.

ദാരിദ്ര്യ നിർമാർജനത്തിന് വഴിത്തിരിവ് സൃഷ്ടിച്ച ഒരു പദ്ധതി എന്ന നിലയിൽ **2009** ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് നാമകരണം ചെയ്യുകയുണ്ടായി.

## മുഖ്യ ലക്ഷ്യങ്ങൾ

. അവിദഗ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്ന അതോടൊപ്പം ഗുണമേന്മയുള്ളതും താഴെ ആയിട്ടുള്ളതും ഉൽപാദനക്ഷമതവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

. ദരിദ്രരുടെ ഉപജീവനവുമായി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തൽ.

. സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങ്ളേയും പദ്ധതിയിൽ ഉൾപ്പെടുത്തുക.

. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക.

## സവിശേഷതകൾ

. നിയമനത്തിന്റെ പിൻബലത്തിൽ ഉള്ള അവകാശാധിഷ്ഠ പദ്ധതി

. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18വയസ്സ് പൂർത്തിയായ ഏതൊരു ആൾക്കും പദ്ധതിയിൽ പങ്കാളിയാകാം

. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം

. പാരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യം വികസനം എന്നിവയ്ക്ക് മുൻഗണന

. തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുക ആസൂത്രണ പ്രക്രിയയിൽ പങ്കാളികളാകാനും അവസരം

. ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

. കരാറുകാരുടെ ഇടനിലക്കാരോ ഇല്ല

. പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

. ബാങ്ക് അഥവാ പോസ്റ്റ് വഴി മാത്രം വേതന വിതരണം

. സ്ത്രീകൾക്ക് മുൻഗണന

. കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

. ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു( സോഷ്യൽ ഓഡിറ്റ് സംവിധാനം)

. പരാതി പരിഹാര സംവിധാനം

# കായണ്ണ ഗ്രാമപഞ്ചായത്ത്

പേരാമ്പ്ര ബ്ലോക്കിൽ ഉൾപ്പെടുന്ന കായണ്ണ ഗ്രാമപഞ്ചായത്ത് നല്ല രീതിയിലുള്ള തൊഴിലുറപ്പ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നു. പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് തലത്തിൽ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ജോയിന്റ് bdo, അക്രെഡിറ്റഡ് എഞ്ചിനീയർ, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും പഞ്ചായത്ത് തലത്തിൽ സെക്രട്ടറി. അസിസ്റ്റന്റ് സെക്രട്ടറി അക്രെഡിറ്റഡ് എഞ്ചിനീയർ ഓഫീസർ, അക്കൗണ്ടന്റ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും അവരുടെ സേവനം ഈ പദ്ധതിക്കുവേണ്ടി നൽകുന്നു. 2008 19 വർഷത്തിൽ തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | കായണ്ണ |
| വിസ്തീർണ്ണം | 18.83 ച. കി. മി. |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് |
| താലൂക്ക് | കൊയിലാണ്ടി |
| വാർഡുകൾ | 13 |
| തൊഴിൽ കാർഡ് ഉടമകൾ | 3270 |
| സജീവ തൊഴിലാളികൾ | 2975 |
| നിഷ്ക്രിയ തൊഴിലാളികൾ | 295 |
| കുടുംബങ്ങൾക്ക് നൽകിയ തൊഴിൽദിനങ്ങൾ | 171983 |
| ആകെ തൊഴിലെടുത്ത കുടുംബം | 2160 |

## തൊഴിലുറപ്പ് സംബന്ധിച്ച വിവരങ്ങൾ

| വിവരങ്ങൾ | ജില്ലാതലം | ബ്ലോക്ക് തലം | പഞ്ചായത്ത് തലം |
|---|---|---|---|
| സൃഷ്ടിച്ച തൊഴിൽദിനങ്ങൾ | 83.05( ലക്ഷം) | 1622067 | 496 |
| കുടുംബങ്ങൾക്ക് നൽകിയിരിക്കുന്ന ശരാശരി തൊഴിൽദിനങ്ങൾ | 57.58( ലക്ഷം) | 68.38( ലക്ഷം) | 7958 |
| 100 ദിനങ്ങൾ പൂർത്തീകരിച്ച കുടുംബങ്ങൾ | 38300 | 6677 | 939 |
| ആകെ തൊഴിലെടുത്ത കുടുംബങ്ങൾ | 1.44( ലക്ഷം) | 23737 | 2161 |
| ആകെ തൊഴിലെടുത്ത തൊഴിലാളികൾ | 1.6( ലക്ഷം) | 28211 | 2975 |
| ആകെ തൊഴിൽദിനങ്ങൾ sc തൊഴിലാളികൾക്ക് ശതമാനത്തിൽ | 10.18 % | 12.44% | 96% |

# വാർഡ് 1  കക്കാട്

2018 -19 സാമ്പത്തിക വർഷത്തിൽ തൊഴിലാളികൾ ആയുള്ള മിക്കപേരും 100 തൊഴിൽ പൂർത്തീകരിച്ചവരാണ്.

കായണ്ണ പഞ്ചായത്ത് വാർഡ് 1 (കക്കാട് )ലെ  1 -10-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ നടത്തിയ പ്രവർത്തികൾ ആണ് സോഷ്യൽ ഓഡിറ്റിങ് വിധേയമാക്കിയത്. ഈ സമയങ്ങളിൽ നടത്തിയ 13 പ്രവർത്തി ഫയലുകളാണ് ഞങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കിയത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെ എന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കണമെന്നും ഗ്രാമ പഞ്ചായത്തിലെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.

## തൊഴിലാളികൾക്ക് 10 അവകാശങ്ങൾ പ്രധാനം ചെയ്യുന്നു അവ ഏതൊക്കെ എന്ന് ചുവടെ ചേർക്കുന്നു

**1.** തൊഴിൽ കാർഡ് ലഭിക്കുവാൻ ഉള്ള അവകാശം

**2.** അപേക്ഷിച്ച് **15** ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശം**.** ആയതിനെ കൈപ്പറ്റ് രസീത് ലഭിക്കുവാൻ ഉള്ള അവകാശം**.**

**3.** തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാനുള്ള അവകാശം**(** ആദ്യത്തെ **30** ദിവസം കൂലിയുടെ **1/4 &** പിന്നീടുള്ള ദിവസങ്ങളിൽ**1/2** ഭാഗം**)**

**4.** സെൽഫ് പ്രൊജക്ട് തയ്യാറാക്കുവാൻ ഉള്ള അവകാശം

**5.** അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം അല്ലെങ്കിൽ വേതനത്തിന് **10%** അധികം

**6.** കുടിവെള്ളം**,** വിശ്രമ സൗകര്യം**,** പ്രഥമ ശുശ്രൂഷ  സൗകര്യം ശിവ ലഭിക്കുന്നതിനുള്ള അവകാശം

**7. 15** ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം

**8.** വേദന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാൻ ഉള്ള അവകാശം

9. സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം

10. സോഷ്യൽ ഓഡിറ്റ് നടത്താനുള്ള അവകാശം

## അവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും ചോദിച്ചറിഞ്ഞ് വിവരങ്ങൾ

* തൊഴിൽ കാർഡ്

സഞ്ജീവ് തൊഴിലാളികൾക്ക് പുതിയ തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. എന്നാൽ ഞങ്ങൾ സന്ദർശിച്ച് പ്രദേശത്തെ മിക്ക തൊഴിലാളികളും തൊഴിൽ കാർഡിലും പഞ്ചായത്തിലെ സീൻ തുടങ്ങിയവ കാണുവാൻ സാധിച്ചിട്ടില്ല.

തൊഴിൽ കാർഡിൽ നൽകിയിരിക്കുന്ന ഫോട്ടോ സ്വന്തം ചെലവിലാണ് അവർ എടുത്തതെന്ന് അഭിപ്രായപ്പെട്ടു.

* തൊഴിൽ അപേക്ഷ

പോസ്റ്റ് പ്രവർത്തികൾക്കായി തൊഴിലാളികൾ ഇതുവരെ വ്യക്തിപരമായി അപേക്ഷ നൽകിയിട്ടില്ല. തൊഴിലിന് അപേക്ഷിച്ച് 14 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാത്ത സാഹചര്യം പലപ്പോഴായി ഉണ്ടാകാറുണ്ടെന്ന് തൊഴിലാളികളിൽ നിന്നുമുള്ള അഭിമുഖസംഭാഷണത്തിൽ അറിയുവാൻ സാധിച്ചു. എന്നാൽ ഈ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേദന ഇതുവരെ ലഭിച്ചിട്ടില്ല എന്നും ഇവരിൽ നിന്നും അറിയുവാൻ കഴിഞ്ഞു.

* കൂലി നഷ്ട പരിഹാരം

തൊഴിലുറപ്പ് നിയമപ്രകാരം പ്രവർത്തി കഴിഞ്ഞ 15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കേണ്ട അവകാശം തൊഴിലാളികൾക്ക് ഉണ്ട്. തൊഴിലാളികളും ആയുള്ള അഭിമുഖത്തിന് ഭാഗമായി അറിയാൻ കഴിഞ്ഞത് കഴിഞ്ഞ പണിയുടെ പുലി ഇതുവരെ ലഭിച്ചിട്ടില്ല എന്നതാണ്.( ദേവി-KL040090041/92, കദീസ -KL040090041/64, സുബൈദ-KL040090041/34 etc) എന്നിവർക്കൊന്നും കൂലി ലഭിച്ചിട്ടില്ല. തുടർന്ന് കൂലി നഷ്ടപരിഹാരവും ലഭിക്കുന്നില്ല. തൊഴിലുറപ്പ് നിയമം സെക്ഷൻ3(2), 6 ഷെഡ്യൂൾ 2(29) a, b, c, d, e, f 30 പ്രകാരം പണികഴിഞ്ഞ് 14 ദിവസത്തിനുള്ളിൽ കൂലി ലഭിക്കേണ്ടതാണ്.

* തൊഴിൽ സ്ഥലത്തെ സൗകര്യങ്ങൾ

കുടിക്കുവാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ക്രഷ് എന്നിവ തൊഴിൽ സ്ഥലത്ത് ലഭിക്കേണ്ടതുണ്ട് തൊഴിലുറപ്പ് നിയമം ഷെഡ്യൂൾ **2 para 23-28** കേന്ദ്ര വാർഷിക മാസ്റ്റർ സർക്കുലർ **8, 8.2** അനുശാസിക്കുന്നുണ്ട്. തൊഴിലാളികളുമായി ഉള്ള സംഭാഷണത്തിൽ അറിയാൻ കഴിഞ്ഞത്. പ്രവർത്തി സ്ഥലത്ത് വേണ്ട സൗകര്യങ്ങൾ ഒന്നും തന്നെ ലഭിച്ചിരുന്നില്ല എന്നും തൊഴിലാളികൾ തന്നെ വെള്ളം കൊണ്ടുവരുകയാണ് എന്നാണ് അറിയാൻ കഴിഞ്ഞത്. പ്രഥമ ശുശ്രൂഷ കിറ്റുകൾ തണൽ എന്നിവ പണി സ്ഥലങ്ങളിൽ ലഭ്യമായിട്ടില്ല.

കനാൽ പ്രവർത്തിയിൽ അറിയാൻ കഴിഞ്ഞത് അവർക്ക് ആവശ്യമായ പ്രഥമശുശ്രൂഷ കുട്ടികൾക്കുവേണ്ടി പഞ്ചായത്തിൽ ബന്ധപ്പെട്ടപ്പോൾ സാമഗ്രഹികൾ ലഭിച്ചിട്ടില്ല എന്നും പിന്നീട് ഹെൽത്ത് ഡിപ്പാർട്ട്മെന്റ് മുഖേനയാണ് ഇവയൊക്കെ ലഭിച്ചതെന്നും**(** മാറ്റ് ഉഷ**KL-04009004001/12)** അഭിപ്രായപ്പെട്ടു.

***** സെൽഫ് പ്രൊജക്റ്റ് തയ്യാറാക്കുവാൻ ഉള്ള അവകാശം

ഷെൽഫ് പ്രോജക്ടിലെ വിഭാഗം ഫണ്ണി കളിലും തൊഴിലാളികളുടെ പങ്കാളിത്തം ഉണ്ടാകാറില്ല.

***** അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം

തൊഴിലുറപ്പ് നിയമം ഷെഡ്യൂ**2 para18** കേന്ദ്ര വാർഷിക സർക്കുലർ ചാപ്റ്റർ **17** എന്നിവയിൽ തൊഴിലാളികൾക്ക് അഞ്ച് കിലോമീറ്റർ ചുറ്റളവിൽ തൊഴിൽ ലഭിക്കണമെന്ന് അനുശാസിക്കുന്നു. വാർഡിലെ മുഴുവൻ തൊഴിലാളികൾക്കും അഞ്ചു കിലോമീറ്ററിനുള്ളിൽ തന്നെ തൊഴിൽ ലഭിക്കുന്നുണ്ടെന്ന് തൊഴിലാളികൾ അറിയിച്ചു.

***** സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം

പരാതികൾ രേഖപ്പെടുത്തിയിരിക്കുന്ന പരാതി രജിസ്റ്ററിൽ യാതൊരു പരാതിയും കാണുവാൻ സാധിച്ചിട്ടില്ല.

***** സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

തൊഴിലുറപ്പ് നിയമം സെക്ഷൻ**17(2)** സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായി പ്രത്യേക കമ്മിറ്റി നിലവിലുണ്ട് എന്ന് ഫീൽഡ് പരിശോധനയിൽ മനസ്സിലായി. കമ്മറ്റി അംഗങ്ങൾ ഫീൽഡ് പരിശോധന നടത്താറില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഫയലുകളിൽ ഒന്നുംതന്നെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തിയതിന്റെ കോപ്പി കാണുവാൻ സാധിച്ചിട്ടില്ല.

7 **രജിസ്റ്റർ പരിശോധന**

കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന 7 രജിസ്റ്ററുകൾ നിർബന്ധമായും ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്

തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

ഗ്രാമസഭാ രജിസ്റ്റർ

തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ

പ്രവർത്തിയുടെ ലിസ്റ്റും ചെലവും വിശദാംശങ്ങളും സംബന്ധിച്ച രജിസ്റ്റർ

സ്ഥിര ആസ്തികളുടെ രജിസ്റ്റർ

പരാതി രജിസ്റ്റർ

സാധന രജിസ്റ്റർ

2018-19 സാമ്പത്തികവർഷത്തെ രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ, പരാതി രജിസ്റ്ററിൽ യാതൊരു വിധത്തിലുള്ള പരാതികളും രജിസ്റ്ററിൽ കാണാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഗ്രാമസഭ രജിസ്റ്ററും തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച രജിസ്റ്റർ എന്നിവയും കാണാൻ കഴിഞ്ഞിട്ടില്ല.

## കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്

കവർപേജ്

ചെക്ക് ലിസ്റ്റ്

ആക്ഷൻ പ്ലാൻ/ ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി

സാങ്കേതിക എസ്റ്റിമേറ്റും ഡീറ്റെയിൽസും അടങ്ങിയ സാങ്കേതിക അനുമതിയുടെ കോപ്പി

ഭരണാനുമതി കോപ്പി

സാങ്കേതികാനുമതി കോപ്പി

സംയോജിത പദ്ധതി വിശദാംശങ്ങൾ

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ

തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി

പൂരിപ്പിച്ച മസ്റ്റർ റോളിന്റെ കോപ്പി

മെഷർമെന്റ് ബുക്കിന്റെ കോപ്പി

സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരറ്റീവ് സ്റ്റേറ്റ്മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി

വെയ്ജ് ലിസ്റ്റ് കോപ്പി

വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചത്തിന്റെയും FTO യുടെയും കോപ്പി

മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി

തൊഴിലിന്റെ മൂന്നു ഘട്ടങ്ങളിൽ ഉള്ള ഫോട്ടോകൾ

പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി

മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്

ആസ്തിയുടെ ജിയോൺ ടാഗ് ഫോട്ടോകൾ

സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് കോപ്പി

സൈറ്റ് ഡയറി

**കണ്ടെത്തലുകൾ**

ഫയൽ പരിശോധനയ്ക്കിടയിൽ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺ കണ്ടെത്തുവാൻ സാധിച്ച വസ്തുതകൾ താഴെ ചേർക്കുന്നു.

1. **കവർപേജ്**

പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർപേജ്.

പരിശോധിച്ച 13 ഫയലുകളിലും AMC പ്രകാരമുള്ള കവർ പേജ് കാണുവാൻ സാധിച്ചില്ല. എന്നാൽ 12 ഫയലുകളിലും പ്രാദേശിക കവർ പേജ് കാണുവാൻ സാധിച്ചു. ജലസേചന കിണർ നിർമ്മാണം ബിജു എ സി എന്ന ഫയൽ മാത്രം യാതൊരുവിധ കവർ പേജും കാണുവാൻ സാധിച്ചില്ല.

2**. ചെക്ക് ലിസ്റ്റ്**

ഒരു പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ, ഏത് പേജിൽ സൂക്ഷിച്ചിരിക്കുന്നു എന്നു മനസ്സിലാക്കുവാനുള്ള രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച് 13 ഫയലുകളിലും കണ്ട് അടങ്ങിയ ചെക്ക് ലിസ്റ്റ് കാണുവാൻ കഴിഞ്ഞിട്ടില്ല എന്നാൽ ഫീൽഡ് തല ചെക്ക്ലിസ്റ്റ് എല്ലാ ഫയലുകളും കണ്ടു. എന്നാൽ ചില ഭാഗങ്ങൾ ഫിൽ അല്ലായിരുന്നു.

3. **ആന്വൽ ആക്ഷൻ പ്ലാൻ**

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് സാമ്പത്തിക വത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്നു തെളിയിക്കുന്ന രേഖയാണിത്. 13 ഫയലുകളുടെ പരിശോധനയിൽ, ചെമ്പോളി നീർത്തടത്തിൽ മുണ്ടപുറം ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ( കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം) എന്ന ഫയലിൽ മാത്രമേ ആനുവൽ ആക്ഷൻപ്ലാൻ കാണുവാൻ

സാധിച്ചിട്ടുള്ളൂ.

4. **ഭരണാനുമതി**

പ്രവർത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന ഭരണാനുമതി യാണ് ഭരണാനുമതി രേഖ. പരിശോധിച്ച് 2 ഫയലുകളാണ് ഭരണാനുമതി form കാണുവാൻ സാധിക്കാതിരുന്നത്.

പാറക്കൽ താഴെ കായണ്ണ ബസാർ കനാൽ സംരക്ഷണം

കായണ്ണ ബസാർ കൊല്ലം കണ്ടി താഴെ കനാൽ സംരക്ഷണം

എന്നീ ഫയലുകളിൽ ആണ്

5. **സാങ്കേതികാനുമതി**

ഒരു പ്രവർത്തിക്കു സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നുള്ളതിന്റെ ആധികാരിക രേഖയാണ് സാങ്കേതികാനുമതി. 13 ഫയലുകളിലും സാങ്കേതിക അനുമതി ഫോം കാണുവാൻ സാധിച്ചു.

6. **സംയോജിത പദ്ധതി**

വാർഡിൽ നടത്തിയ പൊതു പ്രവർത്തികൾ കൺവർ ജന്റ്സ് പ്രവർത്തി

7. **തൊഴിലിനുള്ള അപേക്ഷ**

13 ഫയലുകളുടെ പരിശോധനയിൽ, ചെമ്പോളി നീർത്തടത്തിൽ മുണ്ടപ്പുറം ഭാഗം 3 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ( കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം), ജലസേചന കിണർ നിർമ്മാണം ബിജു എ സി, ചെമ്പോളി നീർത്തടത്തിൽ കക്കാട് ഭാഗം 3 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം), ചോയികണ്ടി താഴെ പാറക്കണ്ടി മൺ റോഡ് നിർമ്മാണം, മരമില്ല് ലക്ഷംവീട് റോഡ് നിർമ്മാണം എന്നീ ഫയലുകളിൽ തൊഴിലിനുള്ള അപേക്ഷകൾ കാണാൻ കഴിഞ്ഞിട്ടില്ല.

| പ്രവൃത്തിയുടെ പേര് | തൊഴിലിന് അപേക്ഷ നൽകിയ തീയതി | തൊഴിൽ അനുവദിച്ചു നൽകിയ തീയതി | കാലതാമസം( ദിവസം) |
|---|---|---|---|
| ചെമ്പോളി നീർത്തടത്തിൽ പഠിക്കപൊയിൽ ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ( മണ്ണ് കയ്യാല കല്ല് കയ്യാല)<br><br>(Wc:1604009004/wc/327866) | 18-7-2018 | 29-9-2018 | 73 |

| | | | |
|---|---|---|---|
| പഠിക്ക പൊയിൽ ഭാഗം 2 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ( മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം)<br><br>Wc: 1604009004/wc/332851 | 1-10-2018 | 22-11-2018 | 52 |
| ചെമ്പോളി നീർത്തടത്തിൽ മുണ്ട പുറംഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ( മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം)<br><br>Wc:1604009004/wc/327863 | 18-8-2018 | 29-9-2018 | 42 |
| ചെമ്പോളി നീർത്തടത്തിൽ മുണ്ട് പുറംഭാഗം രണ്ട് കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം)<br><br>Wc: 1604009004/wc/332844 | 1-10-2018 | 22-11-2018 | 52 |
| ചെമ്പോളി നീർത്തടത്തിൽ കക്കാട് ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ( മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം)<br><br>Wc:1604009004/wc:327865 | 18-8-2018 | 29-9-2018 | 42 |
| ചെമ്പോളി നീർത്തടത്തിൽ കക്കാട് ഭാഗം രണ്ട് കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ ( മണ്ണ് കയ്യാല കല്ല് കയ്യാല നിർമ്മാണം)<br><br>Wc:1604009004/wc/332848 | 1-10-2018 | 22-11-2018 | 52 |
| പാറക്കൽ താഴെ കനാൽ സംരക്ഷണം | 11-12-2018 | 11-1-19 | 3@ |

| | | | |
|---|---|---|---|
| Wc:1604009004/ic/320868 | | | |
| കായണ്ണ ബസാർ കൊല്ലം കണ്ടി താഴെ കനാൽ സംരക്ഷണം<br><br>Wc:1604009004/ic/320869 | 24-11-2018 | 11-1-2019 | 48 |

8. **തൊഴിൽ അനുവദിച്ചതിന്റെ  പകർപ്പ്**

തൊഴിൽ അനുവദിച്ച കാര്യം രേഖാമൂലം തൊഴിലാളികളെ അറിയിക്കണമെന്നാണ് വ്യവസ്ഥ. പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ. പ്രവർത്തി അനുവദിച്ചതിന്റെ പകർപ്പ് ഒരു ഫയലുകളിലും കാണാൻ സാധിച്ചിട്ടില്ല.

9. **മസ്റ്റർ റോൾ**

പ്രവർത്തി സ്ഥലത്ത് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റർ റോൾ. പണി ആരംഭിക്കുന്നതിനു മുൻപും( രാവിലെ) അവസാനിപ്പിക്കുന്നതിനു ശേഷം( വൈകീട്ട്) രണ്ടുപ്രാവശ്യം മസ്റ്റർ റോളിൽ ഒപ്പ് രേഖപ്പെടുത്തണം.ചെമ്പോളി നീർത്തടത്തിൽ മുണ്ടപ്പുറം ഭാഗം  2 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ  30118, കക്കാട് ഭാഗം2 31012, കനാൽ സംരക്ഷണം കൊല്ലം കണ്ടി താഴെ 39731, 39732, 39734, 39735 എന്നീ മസ്റ്റർ റോളുകളിൽ വെട്ടിതിരുത്തലുകൾ കണ്ടു. കൂടാതെ M book നമ്പർ ഒരു മാസ്റ്റർ റോളിലും കാണാൻ സാധിച്ചിട്ടില്ല.

10. **മെഷർമെന്റ് ബുക്ക്**

പ്രവർത്തി ചെയ്ത അളവ് രേഖപ്പെടുത്തേണ്ട ആധികാരിക രേഖയാണ് മെഷർമെന്റ് ബുക്ക്. പരിശോധിച്ച് പ്രവർത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തേണ്ട മെഷർമെന്റ് ബുക്ക് സൂക്ഷിച്ചിരുന്നതായി  കാണാൻ സാധിച്ചു. മസ്റ്റർ റോളുകൾക്ക് പാർട്ടുകളായി വേതനം  നൽകുന്നുണ്ട്. ഫയലുകളുടെ എസ്റ്റിമേറ്റ് മെഷർമെന്റ് ബുക്ക് എന്നിവ പരിശോധിക്കുന്ന സമയത്ത് എസ്റ്റിമേറ്റ് അളവുകൾ അതുപോലെതന്നെ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു.

11. സാധന ഘടകം

12.**വേജ് ലിസ്റ്റ്**

മസ്റ്റർ റോളിലെ തൊഴിലാളികളുടെ ഹാജർ ദിനങ്ങളെ ആധാരമാക്കിയാണ് വേതന വിതരണത്തിനുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടത്.ഇത ഡാറ്റാ എൻട്രി ഓപ്പറേറ്റർ ചുമതലയാണ് ഒരു മസ്റ്റർ റോൾ ക്ലോസ് ചെയ്തു കഴിഞ്ഞാൽ നാലാമത്തെയോ അഞ്ചാമത്തെയോ ദിവസം ഈ പ്രവർത്തികൾ പൂർത്തീകരിച്ചിരിക്കണം മാസ്റ്ററോളിൽ ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖയാണ് ഇത്. കൃത്യസമയത്ത് ഹാജർ മസ്റ്റർ

റോളിൽ രേഖപ്പെടുത്തി വേജ് ലിസ്റ്റ് ആകുകയും FTO മുഖാന്തരം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്നതിനും വേണ്ട കാര്യങ്ങൾ കൃത്യതയോടെ ചെയ്യുന്നതിനായുള്ള രേഖയാണ് വേജ് ലിസ്റ്റ്.

ചെമ്പോളി നീർത്തടത്തിൽ കക്കാട് ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ 13/10/2018 to 25/10/2018 വരെയുള്ള വേജ് ലിസ്റ്റ് ഇല്ല. ചെമ്പോളി നീർത്തടത്തിൽ പടിക്ക പോയിൽ ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ 20/9/2018 to 5/10/2018 വേജ് ലിസ്റ്റ് കാണുവാൻ കഴിഞ്ഞില്ല. ചെമ്പനോളി നീർത്തടം മുണ്ടപുറംഭാഗം എന്നീ ഫയലുകളിൽ വേജ് ലിസ്റ്റ് ഉണ്ടായിരുന്നു.മറ്റുള്ള ഫയലുകളിൽ ഒന്നും വേജ് ലിസ്റ്റ് കാണുവാൻ കഴിഞ്ഞില്ല.

13 **എഫ് ടി ഓ**

ഡിജിറ്റൽ സംവിധാനത്തിലൂടെ ഓൺലൈൻ ആയിട്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും പ്രസിഡണ്ടിന്റെയും ഒപ്പുകൾ രേഖപ്പെടുത്തുന്നത്.

ചെമ്പനോളി നീർത്തടം മുണ്ടപുറം ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവൃത്തികൾ എന്ന ഫയലിൽ FTO കാണുവാൻ കഴിഞ്ഞു. മറ്റു ഫയലുകളിൽ ഒന്നും FTO കാണുവാൻ കഴിഞ്ഞില്ല. ഇവ ഫയലുകളിൽ കൊണ്ടുവരാൻ ശ്രദ്ധിക്കണം.

14. **മെറ്റീരിയൽ വൗച്ചർ**

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ വൗച്ചർ.

13 വയലുകളിലും മെറ്റീരിയൽ വൗച്ചർ കാണുവാൻ സാധിച്ചു.

15. **റോയൽറ്റി**

റോയൽറ്റി നൽകിയ രേഖയാണോ എന്ന് അറിയുവാൻ സഹായിക്കുന്ന രേഖയാണിത്. പരിശോധിച്ച് ഫയലുകളിൽ ഒന്നും കാണുവാൻ സാധിച്ചില്ല.

16 **ഫോട്ടോസ്**

പ്രവർത്തനവുമായി ബന്ധപ്പെട്ട് 3 ഘട്ടങ്ങളിലെ ഫോട്ടോകൾ ഫയലുകൾ സൂക്ഷിക്കേണ്ടതാണ് പ്രവർത്തി ആരംഭം, പ്രവർത്തനം നടന്നു കൊണ്ടിരിക്കുന്ന സമയത്ത്, പ്രവർത്തനം കഴിഞ്ഞതിനുശേഷം ഇങ്ങനെയുള്ള ഫോട്ടോകൾ ഒന്നും ഫയലിൽ കാണുവാൻ സാധിച്ചില്ല.

17. **പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി**

പ്രവർത്തി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് പ്രവർത്തി പൂർത്തീകരണം സാക്ഷ്യപത്രം.

13 ഫയലുകളിലും പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി കാണുവാൻ സാധിച്ചു. എന്നാൽ വെള്ളപേപ്പറിൽ കൈപ്പടയിൽ എഴുതിയ കോപ്പിയാണ് കാണുവാൻ കഴിഞ്ഞത്.

**18. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്**

ഒരു പ്രവർത്തിയുടെ ഓരോ ഘട്ടത്തിലും മസ്റ്റർ റോൾ അനുവദിച്ചു തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ തിയ്യതികളിൽ നടന്നു എന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്

13 ഫയലുകളിലും ഇത് കാണുവാൻ സാധിച്ചു എങ്കിലും വിവരങ്ങൾ അപൂർണമായിരുന്നു.

**19. ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ**

പ്രവർത്തികൾ ജിയോടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോഗ്രാഫ്.ജിയോ ടാഗ്സ് ഫോട്ടോഗ്രാഫ് ഫയലിൽ കാണുവാൻ കഴിഞ്ഞില്ല. ഫയലിൽ ഇത് ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

**20. സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി**

ഒരു പ്രവർത്തിയുടെ നേരവകാശികളായ സാധാരണജനങ്ങൾ ആ പദ്ധതി അവലോകനം

ചെയ്യുകയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്ന ജനകീയ ഇടപെടലാണ് സോഷ്യൽ ഓഡിറ്റ് തൊഴിലുറപ്പ് പദ്ധതിയുടെ സവിശേഷതയാണ് സോഷ്യൽ ഓഡിറ്റ്. തൊഴിലുറപ്പ് പദ്ധതിയിൽ പണം ചെലവഴിച്ചത് ശരിയായ രീതിയിലാണോ ലക്ഷ്യമിട്ട് അവകാശങ്ങളും ആനുകൂല്യങ്ങളും അർഹതപ്പെട്ടവർക്ക് ലഭിച്ചിട്ടുണ്ടോ നിർവഹണ രീതിയിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ പ്രതീക്ഷിച്ച നേട്ടം പദ്ധതി മൂലം ഉണ്ടായിട്ടുണ്ടോ എന്നെല്ലാം ജനങ്ങൾ നേരിട്ട് പരിശോധിക്കുന്ന ജനകീയ പ്രക്രിയയാണ് സോഷ്യൽ ഓഡിറ്റ്. സോഷ്യൽ ഓഡിറ്റ് ടീമിന് രേഖകളും ഫയലുകളും രജിസ്റ്ററുകളും പരിശോധിക്കുകയും പ്രവർത്തി സ്ഥലങ്ങൾ നേരിട്ട് പരിശോധിച്ച് അളവുകൾ ഒത്തു നോക്കുകയും ചെയ്യുന്നു. പ്രത്യേകം വിളിച്ചുചേർക്കുന്ന സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിലാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് അവതരിപ്പിക്കേണ്ടത് പ്രവൃത്തി സോഷ്യൽ ഓഡിറ്റിനു വിധേയമാണോ എന്ന് പരിശോധിക്കാൻ സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്. ആറുമാസം കൂടുമ്പോൾ നടത്തേണ്ടതാണ്.

## 21 **സൈറ്റ് ഡയറി**

തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട നടക്കുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്നതിനുള്ള രേഖയാണ് സൈറ്റ് ഡയറി. പ്രവർത്തി സ്ഥലം സന്ദർശിക്കുന്ന പൊതു പ്രവർത്തകരും സാധാരണക്കാരും അവരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ആക്ഷേപങ്ങളും എഴുതേണ്ടത് സൈറ്റ് ഡയറിയിൽ ആണ്. പ്രൊജക്റ്റ് മീറ്റിങ്ങിന്റെ മിനുട്സ് ഹാജർ സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്. തൊഴിലാളികൾക്

ക് തൊഴിൽ സ്ഥലത്ത് അനുവദിച്ചു ആയിരിക്കണം സൗകര്യങ്ങളുടെ വിവരങ്ങളും ഇതിൽ നിർബന്ധമായും എഴുതണം ഓരോ തൊഴിലാളിയും പണിസ്ഥലത്ത് കൊണ്ടുവന്നിരിക്കുന്ന പണിയായുധങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തണം. ജാഗ്രതാ സമിതിയുടെ റിപ്പോർട്ടും സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്തേണ്ടതാണ്.മേറ്റിന്റെ വിലാസവും ഫോൺ നമ്പറും കൃത്യമായി സൈറ്റ് ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്.

13 ഫയലുകളിലും ചെക്ലിസ്റ്റ് കാണുവാൻ സാധിച്ചു എന്നാൽ പൂർണമായും ഫിൽ അല്ലായിരുന്നു. പ്രോജക്ട് മീറ്റിംഗ് നടത്തിയ വിശദാംശങ്ങൾ എല്ലാം ഫയലുകളിലും കാണുവാൻ കഴിഞ്ഞു. തൊഴിലാളികളുടെ സാക്ഷ്യപത്രം പൂർത്തീകരിച്ചിട്ടുണ്ട്. VMC റിപ്പോർട്ട് സൈറ്റ് ഡയറിയിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

എസ്റ്റിമേറ്റും പ്രവർത്തികളുടെ അളവുകളും

ഒരു പ്രവർത്തി നടപ്പാക്കുന്നതിനായി എൻജിനീയറിങ് വിഭാഗം തയ്യാറാക്കുന്ന സാങ്കേതിക രേഖയാണ് എസ്റ്റിമേറ്റ്. ഒരു പ്രവർത്തി എങ്ങനെ നടപ്പിലാക്കണമെന്ന് മാർഗനിർദേശം നൽകുന്ന ഒരു രേഖ കൂടിയാണിത്.

ഇതിൽ പദ്ധതിയുടെ പേര്, പദ്ധതിയിൽ ഏറ്റെടുക്കുന്ന വിവിധ ശീർഷത്തിൽപ്പെട്ട പ്രവർത്തികൾ

അവയുടെ എണ്ണം, നീളം, വീതി, ആഴം, പൊക്കം, വ്യാപ്തം,  ഒരു യൂണിറ്റിന് നൽകേണ്ടുന്ന തുക, ആകെ തുക എന്നിവ നിർബന്ധമായും രേഖപ്പെടുത്തിയിരിക്കണം. സാധനസാമഗ്രികൾ വിദഗ്ധ അവിദഗ്ധ തൊഴിലാളികളുടെ എണ്ണം നൽകുന്ന കൂലി സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ ചിലവ് എന്നിവ നിർബന്ധമായും എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതാണ്. അളവുകളുടെ അടിസ്ഥാനപ്പെടുത്തിയാണ്  ബിൽ പാസാക്കുന്നത് വേദന നൽകുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ അന്തിമാക്കുന്നത്.എന്നതിനാൽ അളവുകളും എണ്ണത്തെയും വ്യത്യാസത്തിനും ബാധ്യത ചുമതലപ്പെടുത്തുകയും ബന്ധപ്പെട്ട അധികാരികൾ തീർത്തും ഉത്തരവാദികളാക്കേണ്ടി വരും എന്നതും പ്രത്യേകം ശ്രദ്ധയിൽ പെടുത്തുന്നു.

• തൊഴിലാളികൾ കൂട്ടംചേർന്ന് അവർക്കാവശ്യമായ പ്രവർത്തികൾ തിരഞ്ഞെടുക്കുകയും എങ്ങനെ ജോലി ചെയ്യണം എന്ന് ചർച്ച ചെയ്തു വർക്ക് കലണ്ടർ തയ്യാറാക്കുകയും ചെയ്യുക ഓരോ മാസത്തെയും സവിശേഷതകളും ഗുണങ്ങളും കണക്കിലെടുത്ത് വേണം പ്രവർത്തികൾ തീരുമാനിക്കാൻ. •വർക്ക് കലണ്ടറനുസരിച്ച് തൊഴിലാളികൾക്ക് പുതിയ തരത്തിലുള്ള തൊഴിലും തൊഴിലിടവും കണ്ടെത്തുവാനും നിർദേശിക്കാനും അവകാശമുണ്ട് അധികമായി തൊഴിൽ പൂർണമായും ലഭിക്കാത്ത തൊഴിലാളികൾക്ക് അധികമായി തൊഴിൽ ലഭ്യമാവുകയും 100 പ്രവർത്തി ദിനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചു.

## ഗ്രാമപഞ്ചായത്തിനോട്

• കൃത്യമായ ഇടവേളകളിൽ ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ എന്നിവ നടത്തുക.

• കൂടുതൽ പദ്ധതികളിൽ ഉൾപ്പെട്ടിരിക്കുന്നത് കയ്യാലകൾ ആണ് സ്ഥിര ആസ്തിയുള്ള പ്രവർത്തികൾ തിരഞ്ഞെടുക്കുക.

• വിദ്യാലയങ്ങൾക്ക് കളിസ്ഥലം ചുറ്റുമതിൽ എന്നിവ നിർമ്മിച്ചു നൽകുക.

• ദേശീയ ഉപജീവന മിഷന്റെ (NRLM) സഹായത്തോടെ മെച്ചപ്പെട്ട രീതിയിലുള്ള തൊഴിൽ പരിശീലനം നൽകി കുറച്ചു തൊഴിലാളികളെ വിദഗ്ധ /അർദ്ധ വിദഗ്ധ തൊഴിലാളികൾ ആക്കി മാറ്റുക.

## ഉദ്യോഗസ്ഥരോട്

•പ്രവർത്തി ഫയലിൽ സൂക്ഷിക്കേണ്ട രേഖകൾ കൃത്യമായി സൂക്ഷിക്കുക. കേന്ദ്ര സർക്കാരിന്റെ ഇക്കാര്യത്തിലുള്ള മാർഗ്ഗനിർദ്ദേശം കൃത്യമായി പാലിക്കേണ്ടതാണ്.

• മസ്റ്റർ റോൾ അനുവദിച്ച നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ തീയതിയോട്  കൂടിയ  ഉപ്പ്, സീൽ  എന്നിവ ഉറപ്പാക്കുക.

• ലേബർ ബഡ്ജറ്റ് വാർഷിക പദ്ധതി,  സെൽഫ് പ്രൊജക്റ്റ്,  വർക്ക് കലണ്ടർ എന്നിവ തയ്യാറാക്കുന്നതിന് തൊഴിലാളികളുടെയും ഗുണഭോക്താക്കളുടെ യും പ്രാദേശിക വിദഗ്ധരുടെയും

പങ്കാളിത്തം ഉറപ്പാക്കുക.

• കൃത്യമായ ഇടവേളകളിൽ തൊഴിൽ സ്ഥലങ്ങൾ സന്ദർശിക്കുക.

•തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയങ്ങളിൽ കാലാവസ്ഥയ്ക്കനുസരിച്ച് പ്രകൃതി നൽകുക.

• പ്രവർത്തി സ്ഥലങ്ങളിൽ കുടിവെള്ളം തണൽ പ്രാഥമിക ചികിത്സാ സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുക.

## പ്രവർത്തി സംബന്ധിച്ച വിശദാംശങ്ങൾ

1. ചെമ്പോളിനീർത്തടത്തിൽ മുണ്ട പുറംഭാഗം കുടുംബങ്ങളുടെ ഭൂമിയിൽജലസംരക്ഷണ പ്രവൃത്തി (കല്ല് കയ്യാല മണ്ണ് കയ്യാല) വർക്ക് കോട് 160 400 900 4/WC/32 78 63 പ്രവർത്തി ആരംഭിച്ചത് 29-9-2018 പ്രവർത്തി അവസാന തീയതി 25 10 2018 mustroll പ്രകാരം 832 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് വേദന ഇനത്തിൽ 203792 പണിയായുധം വാടകയിനത്തിൽ 1372 രൂപയുംനൽകിയിരുന്നു

പ്രവർത്തി കഴിഞ്ഞ സ്ഥലങ്ങളിലെ ഭൂവുടമകൾക്ക് എല്ലാംതൊഴിൽ കാർഡ് ഉണ്ടായിരുന്നു കയ്യില് നിർമ്മാണ നടന്നുകൊണ്ടിരുന്നത് ഒരേഭൂവുടമകളുടെ സ്ഥലത്ത് തന്നെയാണ് എല്ലാ വർഷവും പ്രവർത്തി ചെയ്യുന്നത് കൂടാതെ ഒരേ പ്രവർത്തി തന്നെയാണ് തൊഴിലാളികളും ആയുള്ള സംഭാഷണത്തിൽ അവധിദിവസങ്ങളിൽ പണി ഞായറാഴ്ചകൾ എടുക്കുന്നത് ബുദ്ധിമുട്ടാണെന്ന് അഭിപ്രായപ്പെട്ടു അവധി ദിവസങ്ങളിലെമസ്റ്റർ റോൾ അടിക്കുമ്പോൾ അത് അവധി ദിവസമായി തന്നെ അടിക്കാനും തൊഴിലാളികൾ അഭിപ്രായപ്പെട്ടു

(സുധ KL0 400 900 4 1/ 89) കൂടാതെ അവധി ദിവസങ്ങളിൽ പണിയെടുക്കുമ്പോൾ ഏതെങ്കിലും തരത്തിലുള്ള പരിക്ക് പറ്റിയാൽ അതിനുള്ള ആനുകൂല്യങ്ങൾ പഞ്ചായത്തിൽ നിന്നും കിട്ടില്ല എന്ന പഞ്ചായത്തിലെ അധികൃതർ തന്നെ ഇവരെ അറിയിച്ചിട്ടുണ്ട് (ഉഷ KL04 400 900 400 1/12). ഉടമയായ പത്മജ( KL0 400 900 4001/01) എന്ന ആളുടെ വീട്ടിൽ ഗവൺമെൻറ് ജീവനക്കാരൻ ഉണ്ട് സ്ഥലത്ത് പ്രവർത്തന നടന്നതായി കാണാൻ കഴിഞ്ഞു.

2. ചെമ്പോളി നീർത്തടത്തിൽ മുണ്ട് പുറംഭാഗം രണ്ട് കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല)

Work code: 160 400 900 4/WC/33 28 44

പ്രവർത്തി ആരംഭിച്ചത് 22-11-2018 പ്രവർത്തി അവസാനിച്ചത് 22-12-18 മസ്റ്റർ റോൾ പ്രകാരം 807 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് വേദന 218697രൂപയും പണി ആയുധ വാടക ഇനത്തിൽ 1344

രൂപയും നൽകിയിരുന്നു പ്രവർത്തി പരിശോധിച്ചപ്പോൾ ഫയലിൽ പറഞ്ഞിരിക്കുന്നത് തന്നെയാണ് ചെയ്തിരിക്കുന്നത് അവിടെയും കാണാൻ കഴിഞ്ഞത് ആവർത്തിച്ചുവരുന്ന പ്രവർത്തി തന്നെയാണ്.

3.ചെമ്പോളി നീർത്തടത്തിൽ മുണ്ട് പുറംഭാഗം മൂന്ന് കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണപ്രവൃത്തി( കല്ല് കയ്യാല മണ്ണ് കയ്യാല )

വർക്ക് കോട് 160 400 900 4/WC/334419

പ്രവർത്തി ആരംഭിച്ച തീയതി 8-2-2019 പ്രവർത്തി അവസാനിച്ച തീയതി 15-3-2019 മസ്റ്റർ റോൾപ്രകാരം 606 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് വേദന ഇനത്തിൽ 164 226 രൂപയും പണിയായുധ വാടക ഇനത്തിൽ1212 രൂപയും നൽകിയിരുന്നു

കയ്യാല പ്രവർത്തികൾ തന്നെയാണ് ഈ ഫീൽഡിലും കാണാൻ കഴിഞ്ഞത് കല്ലുകളും മണ്ണുകളും കാണുവാൻ സാധിച്ചു തൊഴിലാളികൾക്കായുള്ള സംഭാഷണത്തിൽ 23 പണിയുടെ കൂടി ഇതുവരെ കിട്ടിയിട്ടില്ല ഏകദേശം രണ്ട് മാസമായി പണി കഴിഞ്ഞിട്ട് എന്ന് അഭിപ്രായപ്പെട്ടു (കദീശKL04009004001 /64 സുബൈദ KL04009004001/34 )എന്നിവർക്കൊന്നും പണം ലഭിച്ചിട്ടില്ല.

4. ചെമ്പോളി നീർത്തടത്തിൽ പടിക്കപൊയിൽ ഭാഗംകുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണപ്രവൃത്തി ( കല്ല് കയ്യാല മണ്ണ് കയ്യാല)

WORK CODE:1604009004/WC/327866

പ്രവർത്തിയുടെ നമ്പർ 239 പ്രവർത്തി ആരംഭിച്ചത് 29-9-2018 പ്രവർത്തി അവസാനിച്ചത് 25-10-2018 മസ്റ്റർ റോൾപ്രകാരം 774 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് വേതനത്തിൽ 209754രൂപയും വാടകയിനത്തിൽ 1320 രൂപയും നൽകിയിരുന്നു

കയ്യാലകൾ തന്നെയാണ് ഇവിടെയും കാണാൻ കാര്യത്തിൽ കഴിഞ്ഞ വർഷങ്ങളിലെ ഇടിഞ്ഞു പോയത് ആളുകൾ ഈ വർഷങ്ങളിൽ വീണ്ടും പണിയെടുത്തിട്ടുണ്ട് കൂലി കിട്ടാത്തത് ഒരു പ്രശ്നമായി ഞങ്ങളോട് തൊഴിലാളികൾ അഭിപ്രായപ്പെട്ടു .

5.ചെമ്പോളി നീർത്തടത്തിൽ പടിക്കപൊയിൽ ഭാഗം രണ്ട് കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ കല്ല് കയ്യാല മണ്ണ് കയ്യാല

WORK CODE: 1 6 0 4 0 0 9 0 0 4/WC/ 33 28 51

പ്രവർത്തി ആരംഭിച്ചത് 22-11-2018 പ്രവർത്തി അവസാനിച്ചത് 22-12-2018 മസ്റ്റർ റോൾ പ്രകാരം 814 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു വേദനയും 2 2 0 5 9 4 രൂപയും വാടകയിനത്തിൽ 1 3 0 4 രൂപയും നൽകിയിരുന്നു

പ്രവർത്തി കഴിഞ്ഞ സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ പല വീടുകളിലും കഴിഞ്ഞ വർഷങ്ങളിലെ പണി കാണാൻ കഴിഞ്ഞില്ല അവിടെ തന്നെയാണ് ഈ വർഷങ്ങളിലും അവർ വീണ്ടും പണി ചെയ്തിരിക്കുന്നത് കൂടാതെ ഗവൺമെൻറ് ഉദ്യോഗസ്ഥരുടെ വീട്ടിൽ പണിയെടുപ്പിച്ച് ആയി കണ്ടു (ആമിനാ KL04009001/86).കൂടാതെ തൊഴിലാളികളുമായി സംസാരിച്ചപ്പോൾ ഫസ്റ്റ് എയ്ഡ് ബോക്സ് തണൽ എന്നിവ അവർക്ക് ആദ്യം കിട്ടിയിരുന്നു എന്നാൽ ഇപ്പോൾ ലഭ്യമല്ല എന്ന് അഭിപ്രായപ്പെട്ടു കൂടാതെ കൂലി കിട്ടാത്തതും പ്രശ്നം തന്നെയാണെന്ന് തൊഴിലാളികൾ അറിയിച്ചു

6.ചെമ്പോളിനീർത്തടത്തിൽ കക്കാട് ഭാഗം കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (മണ്ണ് കയ്യാലകൾ കല്ല് കയ്യാലകൾ)

WORK CODE: 1604009004/WC/327865

പ്രവൃത്തി ആരംഭിച്ചത് 25-9-2018 പ്രവർത്തി അവസാനിച്ചത് 25-10-2018 .848 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു.വേദന ഇനത്തിൽ 229808രൂപയും വാടകയിനത്തിൽ 1316 രൂപയും നൽകിയിരുന്നു

പ്രവർത്തി നടന്ന സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ ചന്ദ്രികKL0400 900 4001/4 എന്ന ആളുടെ വീട്ടിൽ കയ്യാല പ്രളയത്തിൽ നശിച്ചു പോയതിനാൽ ഈ വർഷം വീണ്ടും പണിഎടുപ്പിച്ച് തായി കാണാൻ കഴിഞ്ഞു കൂടാതെ പ്രളയം ബാധിച്ച പല ആളുകളുടെ കയ്യാലകൾ നശിച്ചതായി കാണാൻ കഴിഞ്ഞു

7.ചെമ്പോളി നീർത്തടത്തിൽ കക്കാട് ഭാഗം രണ്ട് കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല)

വർക്ക് കോഡ് 1604009004/WC/332848

പ്രവർത്തി ആരംഭിച്ചത് 22-11-2018 പ്രവർത്തി അവസാനിച്ചത് 16-12-2018. 796 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു അതിൽ വേദന ഇനത്തിൽ 215716 രൂപയും വാടകയിനത്തിൽ 1152 രൂപയും നൽകിയിരുന്നു

പ്രവർത്തി നടന്ന സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ ഇബ്രാഹിം (KL04009004001/60) എന്ന തൊഴിലാളിയുടെ വീട്ടിൽ കഴിഞ്ഞവർഷം പണി ചെയ്ത് മണ്ണു കയ്യാലയിൽ തന്നെ ഈ വർഷവും പണിയെടുക്കുന്നത് കണ്ടു കൂടാതെ തൊഴിലാളികളുമായി സംസാരിച്ചപ്പോൾ ചില കയ്യാലകൾ നശിക്കാൻ കാരണം ഉടമസ്ഥരുടെ ശ്രദ്ധ കുറവ് കാരണം ആണെന്ന് പറയുന്നു കയ്യാലകൾ മൂടി സൂക്ഷിക്കണമെന്നാണ് തൊഴിലാളികൾ അഭിപ്രായപ്പെടുന്നത് എന്നാൽ മാത്രമേ നമുക്ക് കയ്യാല കൂടുതൽ വർഷങ്ങളിലേക്ക് സംരക്ഷിക്കാൻ കഴിയൂ എന്ന അഭിപ്രായവും അവിടെ നിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്

8.ചെമ്പോളിനീർത്തടത്തിൽ കക്കാട് ഭാഗം 3 കുടുംബങ്ങളുടെ ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തികൾ (കല്ല് കയ്യാല മണ്ണ് കയ്യാല നിർമ്മാണം )

WORK CODE:1604009004/WC/334424

പ്രവർത്തി ആരംഭിച്ചത് 8-2-2019 പ്രവർത്തി അവസാനിച്ചത് 15-3-2019 .മസ്റ്റർ റോൾ പ്രകാരം852 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് വേദന ഇനത്തിൽ 230892 രൂപയും പണി ആയുധ വാടക ഇനത്തിൽ 1704 രൂപയും നൽകിയിരുന്നു.

പ്രവർത്തി കഴിഞ്ഞ സ്ഥലങ്ങൾ പരിശോധിച്ചപ്പോൾ മണ്ണ് കയ്യാല കളും കല്ല് കയ്യാല കളുംആണ്കാണാനിടയായത് ഫയലിൽ പറഞ്ഞ പ്രവർത്തികൾ തന്നെയാണ് കാണാനിടയായത് വളരെ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളും ഇവിടെ ഉണ്ടായിരുന്നു.തൊഴിലാളികളുമായുള്ള സംഭാഷണത്തിൽ നിന്നും മനസ്സിലായത് ഫസ്റ്റ് എയ്ഡ് ബോക്സ് തണൽ എന്നിവയൊന്നും ഇപ്പോൾ ലഭിക്കുന്നില്ല ആദ്യകാലങ്ങളിൽ ലഭിച്ചിരുന്നു എന്ന് അഭിപ്രായപ്പെടുന്നു കൂടാതെ കൂലി കിട്ടാത്തതും പ്രശ്നമായി പറയുന്നു

9.ചോയി കണ്ടി താഴെ-പാറക്കണ്ടി മൺ റോഡ് നിർമ്മാണം

വർക്ക് കോട് 1604009004/RC/288325

പ്രവർത്തി ആരംഭിച്ചത് 24-3-2019 പ്രവർത്തി പൂർത്തീകരിച്ചത് 30-3-2019.മസ്റ്റർ റോൾ പ്രകാരംവിദഗ്ദ്ധ തൊഴിലാളികളും അവിദഗ്ധ തൊഴിലാളികൾ ഉൾപ്പെട്ടിരുന്നു അവിദഗ്ധ തൊഴിലാളികൾക്ക്73 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു

വേദന ഇനത്തിൽ 1 9 7 8 3 രൂപയും വാടകയിനത്തിൽ 146 രൂപയും നൽകിയിരുന്നു പ്രവർത്തി പരിശോധിച്ചപ്പോൾ 320.2 മീറ്ററോളം റോഡ് കാണാൻ കഴിഞ്ഞു.കൂടാതെ സമീപവാസികൾ ക്കും അവിടെ താമസിക്കുന്ന മറ്റ് ആളുകൾക്കും വളരെയേറെ പ്രയോജനം ആണ് ഈ റോഡ് എന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു

10.കായണ്ണ ബസാർ കൊല്ലം കണ്ടി താഴെ കനാൽ സംരക്ഷണം

വർക്ക് കോഡ് :1604009004/IC/320869

പ്രവർത്തി ആരംഭിച്ചത് 11-1-2019 ന് പ്രവർത്തി പൂർത്തീകരിച്ചത് 1-2-2019.മസ്റ്റർ റോൾ പ്രകാരം 638 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിരുന്നു .വേദന ഇനത്തിൽ 172898 രൂപയും വാടകയിനത്തിൽ 1887.50 രൂപയും നൽകിയിരുന്നു

മാറ്റ് പറഞ്ഞതനുസരിച്ച് പ്രവർത്തി നടന്ന ഭാഗത്ത് അളവെടുത്ത് അപ്പോൾ 558.5 മീറ്റർ നീളവും വീതി ഏഴു മീറ്ററും കാണാൻ കഴിഞ്ഞു പണിയെടുത്ത് ഭാഗം കാടുപിടിച്ചു നിലയിലാണ് കാണാൻ കഴിഞ്ഞത് കൂടാതെ പണിയുടെ ബോർഡും കാണാൻ സാധിച്ചില്ല.

11.പാറക്കൽ താഴെ കായണ്ണ ബസാർ കനാൽ സംരക്ഷണം

WORK CODE:1604009004/IC/320868 പ്രവർത്തി ആരംഭിച്ചത് 11-1-2019 പ്രവർത്തി

പൂർത്തീകരിച്ചത് 4-2-2019

566 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിയൂ വേദനയിൽ 153356 രൂപയും വാടകയിനത്തിൽ 1114 രൂപയും നൽകിയിരുന്നു

പ്രവർത്തി കഴിഞ്ഞ് സ്ഥലങ്ങള് അളവ്എടുത്തപ്പോൾ 450 മീറ്റർ നീളം വീതി 7 മീറ്റർ കണ്ടു പണി കഴിഞ്ഞ സ്ഥലം കാടുപിടിച്ച് നിലയിലാണ് കാണാൻ കഴിഞ്ഞത് തൊഴിലാളികളും മായുള്ള അഭിമുഖ സംഭാഷണത്തിൽ കനാൽ ഇൻറെ പണി വളരെ പ്രയാസകരമാണ് എന്നും കാരണം വളരെ ഉയരത്തിൽ നിന്നും ഇറങ്ങേണ്ടത് സ്ത്രീകളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടാണെന്നും കൂടാതെ വെയിലും ഒരു പ്രശ്നമാണെന്നും അഭിപ്രായപ്പെട്ടു .ചളി എടുക്കുമ്പോൾ ഉപയോഗിക്കുന്ന കൈയുറ ആദ്യം പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല പിന്നീട് ഹെൽത്ത് മായി സംസാരിച്ചപ്പോഴാണ് ലഭിച്ചതെന്ന് തൊഴിലാളികൾ അഭിപ്രായപ്പെട്ടു

12. ജലസേചന കിണർ നിർമ്മാണം ബിജു എസി

വർക്ക് കോഡ് :1604009004/IF/34 91 37

പ്രവർത്തിആരംഭിച്ചത് 11-1-2019 പ്രവൃത്തി പൂർത്തീകരിച്ച് തീയതി 26-1-2019.മസ്റ്റർ റോൾ പ്രകാരം5 വിദഗ്ദ്ധ തൊഴിലാളികളും 7 വിദഗ്ധ തൊഴിലാളി ഉൾപ്പെട്ടിരുന്നു അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനം 18428 രൂപയും വാടകയിനത്തിൽ 136 രൂപയും വിദഗ്തൊഴിലാളികൾക്ക് 50750 രൂപയും കൂലി നൽകിയിരുന്നു

പ്രവർത്തി കഴിഞ്ഞ കിണർ പരിശോധിച്ചപ്പോൾ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവർത്തി സ്ഥലത്ത് കാണുവാൻ സാധിച്ചില്ല.

13. മരമില്ല് ലക്ഷംവീട് റോഡ് നിർമ്മാണം

വർക്ക് കോഡ് 1604009004/RC/279791

പ്രവർത്തി ആരംഭിച്ചത് 13-3-2019 പ്രവർത്തി അവസാനിച്ചത് 26-3-2019 ന്

മസ്റ്റർ റോൾപ്രകാരം 77 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട് അവിദഗ്ധ തൊഴിലാളികൾക്ക് 20867 രൂപയും വാടകയിനത്തിൽ 154 രൂപയും വിദഗ്ധ തൊഴിലാളികൾക്ക് 33100 രൂപയും നൽകിയിരുന്നു

പ്രവർത്തി കഴിഞ്ഞ സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ 83.3 മീറ്റർ നീളവും വീതി 4.3 മീറ്ററും കാണാൻ സാധിച്ചു. മഴപെയ്താൽ റോഡിൻറെ മദ്യ വശത്ത് വെള്ളം കെട്ടി നിൽക്കുന്നതായി പരിസരവാസികൾ അഭിപ്രായപ്പെട്ടു.

# ഗ്രാമസഭ റിപ്പോർട്ട്

കായണ്ണ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ 29-10-2019ന് ഉന്തുമ്മൽ സത്യൻ എന്ന ആളുടെ വീട്ടിൽ വച്ച് നടന്നു. കായണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി പത്മജ, വൈസ് പ്രസിഡണ്ട് രാമചന്ദ്രൻ, ഒന്നാം വാർഡ് മെമ്പർ അസൈനാർ, ഓവർസിയർ ആസിഫ് എന്നിവർ ഗ്രാമസഭയിൽ പങ്കെടുത്തു. വാർഡ് മെമ്പർ സ്വാഗതം പറഞ്ഞു കൊണ്ട് ഗ്രാമസഭ ആരംഭിച്ചു. അധ്യക്ഷസ്ഥാനത്തേക്ക് ലീല എന്ന തൊഴിലാളിയെ തിരഞ്ഞെടുത്തു. പേരാമ്പ്ര വി ആർ പി ആയ ശ്രീജിത്ത് ഭരണഘടന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ആമുഖം അവതരിപ്പിച്ചത് വി ആർ പി ജിനിലാണ്. തൊഴിലാളികളുടെ അവകാശങ്ങൾ കടമകൾ എന്നിവയെക്കുറിച്ച് വി ആർ പി ആര്യ വിശദീകരിച്ചു. 13 ഫയലുകളുടെയും കണ്ടെത്തലുകൾ അവതരിപ്പിച്ചത് വി ആർ പി അനു ചന്ദ്രയാണ്. ഫീൽഡ് പരിശോധനയുടെ റിപ്പോർട്ട് വായിച്ചത് വി ആർ പി അഞ്ജുഷ ആണ്. ശേഷം തൊഴിലാളികളുമായുള്ള ചർച്ചയാണ് നടന്നത്.

ചർച്ചയിൽ വിഷയമായത്.

* കനാൽ പ്രവർത്തിയിൽ കൈയുറകൾ ലഭിച്ചിരുന്നില്ല എന്നത് തൊഴിലാളികൾ അറിയിച്ചു.

=ഇതിനുള്ള തുക ഏത് ഫണ്ടിൽ നിന്നാണ് എടുക്കേണ്ടത് എന്ന് വ്യക്തമാക്കി തന്നാൽ അടുത്ത പണി മുതൽ കൊടുക്കാമെന്ന് പഞ്ചായത്ത് ഉദ്യോഗസ്ഥർ അറിയിച്ചു.

* കിണറിന്റെ ബോർഡ് വെച്ചതിന്റെ തുക ഇതുവരെ ലഭിച്ചിട്ടില്ല( കദീജ-/251)

= അതിനുവേണ്ടി പഞ്ചായത്തുമായി ബന്ധപ്പെടുവാൻ ഉദ്യോഗസ്ഥർ അറിയിച്ചു.

* പ്രവർത്തി കഴിഞ്ഞു ദിവസങ്ങൾ പിന്നിട്ടിട്ടും കൂലി കൂലി ലഭിക്കാത്തത് പ്രധാന പ്രശ്നമായിരുന്നു .

= പഞ്ചായത്തിന്റെ ഭാഗത്തുനിന്നും എല്ലാം കൃത്യമായി ചെയ്യുന്നുണ്ടെന്നും എവിടെയാണ് ബ്ലോക്ക് വരുന്നത് എന്ന് അറിയുവാൻ സാധിക്കുന്നില്ല എന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു.

* ആയുധ വാടക കൂട്ടുക, അല്ലെങ്കിൽ പഞ്ചായത്തിൽ നിന്ന് തന്നെ ആയുധങ്ങൾ നൽകുക എന്ന രീതിയിലേക്ക് കൊണ്ടുവരണമെന്ന് തൊഴിലാളികൾ അറിയിച്ചു.

= ഇത് ഫണ്ട് നോക്കിയിട്ട് ചെയ്യാം എന്ന് മറുപടി നൽകി.

* ഫസ്റ്റ്എയ്ഡ് ബോക്സ്, ഗ്ലാസ്, പ്ലേറ്റ് എന്നിവ സൈറ്റിൽ എത്തിക്കുക

= തുടർന്നുള്ള പ്രവർത്തിയിൽ തീർച്ചയായും എത്തിക്കാമെന്ന് മറുപടി നൽകി.

* അപകടങ്ങൾ സംഭവിച്ചിട്ടുണ്ട് ചെലവഴിച്ച പണം ലഭിച്ചിട്ടില്ല.

= അപകടം സംഭവിച്ച ആൾ അവർക്ക് ചിലവായ തുകയുടെ സ്ലിപ്പും ആയി പഞ്ചായത്തിൽ

സമീപിക്കാൻ അറിയിച്ചു.

* മാറ്റ് ആയിട്ട് ADS നെ മാത്രമാണ് തിരഞ്ഞെടുക്കുന്നത് എന്നത് തൊഴിലാളികളിൽ നിന്നും ഉയർന്നു വന്ന ഒരു സംശയമായിരുന്നു.

= ഇതിന് vrp തന്നെ ഉത്തരം നൽകുകയുണ്ടായി. മാറ്റ് ആയി പ്രവർത്തിക്കുവാൻ എഡിഎസ് ആകണമെന്ന് നിർബന്ധമില്ല. തൊഴിലാളികളിൽ നിന്നും ആണ് മാറ്റിനെ തിരഞ്ഞെടുക്കേണ്ടത് എന്ന് ഉത്തരം നൽകി.

* വീട്ടിൽ രണ്ട് ആളുകൾ പണി ചെയ്യുമ്പോൾ അത് 150/200 പണിയാ ആക്കിക്കൂടെ എന്ന് തൊഴിലാളികളിൽ ഒരാൾ അഭിപ്രായപ്പെട്ടു.

= ഇതിന് തക്കതായ മറുപടി നൽകുവാൻ പഞ്ചായത്ത് കാർക്ക് കഴിഞ്ഞില്ല.

* വീട് റിപ്പയറിങ് തൊഴിലുറപ്പിൽ ഉൾപ്പെടുത്തണം എന്ന് തൊഴിലാളി അഭിപ്രായപ്പെട്ടു.

= അത് ശ്രദ്ധിക്കാം എന്ന് പഞ്ചായത്തുകാർ മറുപടി പറഞ്ഞു.

പിന്നീട്ഒന്നാം വാർഡിൽ ഏറ്റെടുത്തു നടത്താവുന്ന പ്രവർത്തികളുടെ ലിസ്റ്റ് ഞങ്ങൾ വായിച്ചു കേൾപ്പിച്ചു.

* തൊഴിലാളികൾ പഞ്ചായത്തിൽ നൽകുന്ന ആക്ഷൻ പ്ലാൻ തീരുമാനമായി വരുമ്പോൾ പിന്നീട് അത് എവിടെയും കാണുവാൻ കഴിയുന്നില്ല എന്ന് തൊഴിലാളികളിൽ ഒരാൾ അഭിപ്രായപ്പെട്ടു.

= NREGA ഉദ്യോഗസ്ഥരല്ല തീരുമാനമെടുക്കുന്നത് എന്ന് ഓവർസിയർ മറുപടി പറഞ്ഞു.

തൊഴിലാളികൾ ഞങ്ങളോട് പറഞ്ഞ എല്ലാ പ്രശ്നവും ഞങ്ങൾ റിപ്പോർട്ടിൽ കൊണ്ടുവന്നു. തൊഴിലാളികൾക്ക് ഉണ്ടായിരുന്ന പല സംശയങ്ങൾക്കും പഞ്ചായത്ത് കാർ മറുപടി നൽകി വി ആർ പി എന്ന നിലയിൽ ഞങ്ങൾക്കുള്ള ചോദ്യത്തിന് മറുപടി ഞങ്ങളും നൽകി.

തൊഴിലാളികൾ റിപ്പോർട്ട്കയ്യടിയോടെ അംഗീകരിച്ചു.തൊഴിലാളികളിൽ ഒരാൾ നന്ദിപറഞ്ഞുകൊണ്ട് ഗ്രാമസഭ അവസാനിപ്പിച്ചു